തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# ഇരുപത്തിരണ്ടാമത് പൊതുസഭാ യോഗതീരുമാനങ്ങൾ

## തിരൂർ, 2020 മാർച്ച് 21, ഉച്ചയ്ക്ക് 1 മണി

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ ഫെറോൾഡ് സേവ്യർ (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
3. ഡോ. ടി. അനിതകുമാരി
4. ഡോ. സി.പി. ചിത്രഭാനു
5. ഡോ. എ.കെ. നമ്പ്യാർ
6. ഡോ. സി. രാജേന്ദ്രൻ
7. ഡോ. സി.പി. അച്യുതനുണ്ണി
8. ഡോ. കെ.കെ.എൻ. കുറുപ്പ്
9. ശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി
10. ഡോ. ടി.കെ. നാരായണൻ
11. ശ്രീ ആലങ്കോട് ലീലാകൃഷ്ണൻ
12. ശ്രീ മുസമ്മിൽ കെ. (ഗവേഷക പ്രതിനിധി)
13. ശ്രീ പ്രജിൽ കെ.വി. (ഗവേഷക പ്രതിനിധി)
14. ശ്രീ സിജിൻ സാമുവേൽ (വിദ്യാർത്ഥി പ്രതിനിധി)
15. ശ്രീ സജാദ് എം. (വിദ്യാർത്ഥി പ്രതിനിധി)

ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻ- ചാർജ്) യോഗത്തിൽ സന്നിഹിതയായിരുന്നു

ഉച്ചക്ക് 1 മണിക്ക് യോഗനടപടികൾ ആരംഭിച്ചു.

### തീരുമാനങ്ങൾ

ഇനം നമ്പർ: **2020.01** (1/22)

വിഷയം: **ഇരുപത്തിയൊന്നാമത് പൊതുസഭാ യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച്**

തീരുമാനം: അംഗീകരിച്ചു.

ഇനം നമ്പർ: **2020.02** (2/22)

വിഷയം: **മുൻതീരുമാനങ്ങളിൻമേലുള്ള തുടർനടപടികൾ**

തീരുമാനം: അംഗീകരിച്ചു.

---

ഇനം നമ്പർ: **2020.03** (3/22)

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: അംഗീകരിച്ചു. **(അനുബന്ധം - 1)**

---

ഇനം നമ്പർ: **2020.04** (4/22)

വിഷയം: **2020-21 ലെ വാർഷിക ബജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്**
(ധനകാര്യവിഭാഗം)

തീരുമാനം: അംഗീകരിച്ചു പാസ്സാക്കി. **(അനുബന്ധം - 2)**

---

ഇനം നമ്പർ: **2020.05** (5/22)

വിഷയം: **ജ്ഞാനപീഠ ജേതാവ് ശ്രീ എം.ടി. വാസുദേവൻ നായരെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ പ്രഥമ എമെറിറ്റസ് പ്രൊഫസറായി നിയമിക്കുന്ന വിഷയം പരിഗണിക്കുന്നതിനായി പൊതുസഭാ മുമ്പാകെ സമർപ്പിക്കുന്ന കുറിപ്പ്**
(368/57/ഇ.മെ. പ്രൊഫ/2020/വി.സി. - ഭരണവിഭാഗം)

തീരുമാനം: നിർവാഹകസമിതിയുടെ ശുപാർശ അംഗീകരിച്ചു. ശ്രീ എം.ടി. വാസുദേവൻ നായരെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ എമിറെറ്റിസ് പ്രൊഫസറായി നിയമിക്കുവാനുള്ള നിർവാഹകസമിതിയുടെ ശുപാർശ അംഗീകരിച്ചുകൊണ്ട് ഒരു എമിറെറ്റിസ് പ്രൊഫസറുടെ സ്ഥാനം സർവകലാശാലയിൽ ഏർപ്പെടുത്തുവാൻ തീരുമാനിച്ചു.

---

ഇനം നമ്പർ: **2020.06** (6/22)

വിഷയം: **സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള 40 അദ്ധ്യാപക തസ്തികകൾ പൊതുസഭയുടെ അധികാരം ഉപയോഗിച്ച് ഏർപ്പെടുത്തുന്നത് സംബന്ധിച്ച്**
(117/2015/വി.സി./വാല്യം-2 - ഭരണവിഭാഗം)

തീരുമാനം: നിർവാഹകസമിതി സൃഷ്ടിച്ച 40 അദ്ധ്യാപക തസ്തികകൾ (പ്രൊഫസർ - 5, അസോസിയേറ്റ് പ്രൊഫസർ - 10, അസിസ്റ്റന്റ് പ്രൊഫസർ - 25) താഴെ ചേർത്തിട്ടുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ളതുപ്രകാരം പുനഃക്രമീകരിച്ചു. വിവിധ ഫാക്കൽറ്റികൾക്ക് കീഴിൽ രൂപീകരിച്ചിട്ടുള്ള സ്കൂളുകളിലും എഴുത്തച്ഛൻ പഠനകേന്ദ്രത്തിലും വിന്യസിച്ച് ഏർപ്പെടുത്തണമെന്ന നിർവാഹകസമിതിയുടെ ശുപാർശ അംഗീകരിച്ച് തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമം, 2013, 11(2) (എഫ്) പ്രകാരം വ്യവസ്ഥാപിതമാക്കി ഏർപ്പെടുത്തുവാൻ തീരുമാനിച്ചു.

| ഫാക്കൽറ്റികളും പഠനവിഭാഗങ്ങളും പുനഃക്രമീകരിച്ച് പഠനസ്കൂളുകൾ സ്ഥാപിച്ച് 40 അദ്ധ്യാപക തസ്തികകൾ ഏർപ്പെടുത്തി പൊതുസഭ അംഗീകരിച്ച പട്ടിക | | | | |
|---|---|---|---|---|
| | ഫാക്കൽറ്റി / സ്കൂൾ | പ്രൊഫസർ | അസോസിയേറ്റ് പ്രൊഫസർ | അസിസ്റ്റന്റ് പ്രൊഫസർ |
| I | **മലയാള ഭാഷാ പഠന ഫാക്കൽറ്റി** | | | |
| | 1. ഭാഷാശാസ്ത്ര സ്കൂൾ | 1 | 1 | 3 |
| II | **സാഹിത്യഫാക്കൽറ്റി** | | | |
| | 1. സാഹിത്യപഠന സ്കൂൾ | 1 | 1 | 3 |
| | 2 സാഹിത്യരചന സ്കൂൾ | | 1 | 3 |
| | 3. എഴുത്തച്ഛൻ പഠനകേന്ദ്രം | 1 | | |
| III | **പൈതൃകപഠന ഫാക്കൽറ്റി** | | | |
| | 1. സംസ്കാരപൈതൃകപഠന സ്കൂൾ | 1 | 1 | 2 |
| IV | **മാധ്യമപഠന ഫാക്കൽറ്റി** | | | |
| | 1. മാധ്യമപഠന സ്കൂൾ | 1 | 1 | 3 |
| | 2. ചലച്ചിത്രപഠന സ്കൂൾ | | 1 | 2 |
| V | **സാമൂഹ്യശാസ്ത്ര ഫാക്കൽറ്റി** | | | |
| | 1. സോഷ്യോളജി സ്കൂൾ | | 1 | 2 |
| | 2. തദ്ദേശവികസനപഠന സ്കൂൾ | | 1 | 2 |
| | 3. ചരിത്രപഠന സ്കൂൾ | | 1 | 3 |
| VI | **പരിസ്ഥിതിപഠനഫാക്കൽറ്റി** | | | |
| | 1. പരിസ്ഥിതിപഠന സ്കൂൾ | | 1 | 2 |
| | **ആകെ** | **5** | **10** | **25** |

ഇനം നമ്പർ: **2020.07** (7/22)

വിഷയം: **സർവകലാശാലകളിലും കോളേജുകളിലും ഉള്ള അദ്ധ്യാപകരുടെയും മറ്റു അക്കാദമിക ഉദ്യോഗസ്ഥരുടെയും നിയമനത്തിനുള്ള മിനിമം യോഗ്യതകളും ഉന്നതവിദ്യാഭ്യാസരംഗത്തെ നിലവാരം പരിരക്ഷിക്കുന്നതിനായി യു.ജി.സി. 18.07.2018 ന് ഇറക്കിയ നമ്പർ: F1.2/2017/(EC/PS) വിജ്ഞാപനപ്രകാരമുള്ള, 'യു.ജി.സി റെഗുലേഷൻസ് 2018' ഉം തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.**
(2969/2019/അഡ്മിൻ - ഭരണവിഭാഗം)

തീരുമാനം: സർവകലാശാലാ അദ്ധ്യാപകരുടെ തെരഞ്ഞെടുപ്പ് നിയമനം ഗ്രേഡ് പ്രൊമോഷൻ, ഉന്നത നിലവാര പരിരക്ഷ എന്നിവ സംബന്ധിച്ച് 18.07.2018ന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള (നമ്പർ: F1.2/2017/(EC/PS)) വിജ്ഞാപനപ്രകാരമുള്ള 'യു.ജി.സി. റെഗുലേഷൻസ് 2018' തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല പ്രഥമ സ്റ്റാറ്റ്യൂട്ട് 2019 - ലെ അദ്ധ്യായം 3-ൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. **(അനുബന്ധം - 3)**

**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ വിവിധ അദ്ധ്യാപക തസ്തികകളുടെ ശമ്പളസ്കെയിൽ സംബന്ധിച്ചുള്ള ഓർഡിനൻസ്**

1. **അദ്ധ്യാപകരുടെ ശമ്പളസ്കെയിൽ:**

സർവകലാശാലയിലെ വിവിധ അദ്ധ്യാപക തസ്തികകൾക്ക് ബാധകമായ ശമ്പളസ്കെയിൽ താഴെകൊടുക്കുന്നു.

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അതത് കാലത്ത് നിശ്ചയിക്കുന്ന വർദ്ധിപ്പിച്ച ശമ്പളത്തിന് അദ്ധ്യാപകർ അർഹരായിരിക്കും.

| ക്രമ നം | തസ്തിക | ശമ്പളസ്കെയിൽ |
|---|---|---|
| 1. | അസിസ്റ്റന്റ് പ്രൊഫസർ | 37400-67000 + AGP 6000 |
| 2. | അസോസിയേറ്റ്പ്രൊഫസർ | 67000-79000 + AGP 9000 |
| 3. | പ്രൊഫസർ | 67000-79000 + AGP10000 |

2. **വേതനവർദ്ധനവ് (ഇൻക്രിമെന്റ്):**

ഓരോ ശമ്പളസ്കെയിലിനും നിർവാഹകസമിതി അംഗീകാരത്തിനു വിധേയമായി നിശ്ചിത നിരക്കിലുള്ള വേതനവർദ്ധനവ് (ഇൻക്രിമെന്റ്) ഉണ്ടായിരിക്കുന്നതാണ്.

---

ഇനം നമ്പർ: **2020.08** (8/22)

വിഷയം: **ഒഴിഞ്ഞുകിടക്കുന്ന ഒരു പ്രൊഫസർ തസ്തിക ഷിഫ്റ്റ് ചെയ്ത് എഴുത്തച്ഛൻ പഠനകേന്ദ്രത്തിൽ സ്ഥാപിച്ച് നിയമനം നടത്തുന്നത് സംബന്ധിച്ച്**
(117/2015/വി.സി./വാല്യം-2 - ഭരണവിഭാഗം)

തീരുമാനം: പൊതുസഭയുടെ 2020.06 തീരുമാനപ്രകാരം 40 അദ്ധ്യാപക തസ്തികകൾ വിവിധ ഫാക്കൽറ്റികൾക്ക് കീഴിൽ രൂപീകരിച്ചിട്ടുള്ള വിവിധ സ്കൂളുകളിലും എഴുത്തച്ഛൻ പഠനകേന്ദ്രത്തിലുമായി ഏർപ്പെടുത്തി.

2020.06 ഇനം നമ്പരായി തീരുമാനം എടുത്തിട്ടുള്ള സാഹചര്യത്തിൽ വിഷയം അജണ്ടയിൽ നിന്നും പിൻവലിച്ചതായി യോഗാദ്ധ്യക്ഷനായ വൈസ് ചാൻസലർ അറിയിച്ചു.

---

ഇനം നമ്പർ: **2020.09** (9/22)

വിഷയം: **രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ സ്റ്റാറ്റ്യൂട്ടറി തസ്തികകളിലേക്കുള്ള വിദ്യാഭ്യാസ യോഗ്യത, പ്രായം, നിയമനം, പ്രവൃത്തിപരിചയം, നിയമനാധികാരി, നിയമനരീതി, എന്നിവ നിശ്ചയിച്ചുകൊണ്ടുള്ള ഓർഡിനൻസ് അംഗീകരിക്കൽ**
(316/2017/വി.സി. - ഭരണവിഭാഗം)

തീരുമാനം: മലയാളസർവകലാശാലാ നിയമം, 2013 ന്റെ അദ്ധ്യായം Vലെ 32, 33, 34 എന്നീ വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സ്റ്റാറ്റ്യൂട്ടറി തസ്തികകളായ

രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകളുടെ ശമ്പളസ്കെയിൽ, വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തിപരിചയം, നിയമനാധികാരി, നിയമനരീതി, എന്നിവ നിശ്ചയിച്ച് യു.ജി.സി. 18.07.2018 ന് പുറപ്പെടുവിച്ചിട്ടുള്ള റെഗുലേഷൻസ് 2018 തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല ആദ്യ ഓർഡിനൻസ് 2020 ആയി ഇറക്കുവാൻ പൊതുസഭ തീരുമാനിച്ചു. ഫിനാൻസ് ഓഫീസറുടെ യോഗ്യത വിവരിക്കുന്ന കോളം 4 ൽ 2 -ാമത്തെ ഇനമായ വിദ്യാഭ്യാസയോഗ്യതയുടെ സ്ഥാനത്ത് സി.എ.യ്ക്കു പകരമായി ഐ.സി.ഡബ്ള്യു.എ. കൂടി ചേർക്കേണ്ടതാണ്. **(അനുബന്ധം -4)**

യോഗം ഉച്ചക്ക് 2 മണിക്ക് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്